# കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ്—മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

---

## മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ. ഉ. (എംഎസ്.) നമ്പർ 47/14/മ.തു.വ.      *തിരുവനന്തപുരം, 2014 ജൂൺ 9.*

---

*പരാമർശം:*— 1. 2-8-1984-ലെ ജി.ഒ. (എംഎസ്.) നമ്പർ 72/84/പി. ഡബ്ല്യു. എഫ്. ആന്റ് പി. ഡി.

2. 18-3-1989-ലെ സ.ഉ. (കൈ) നമ്പർ 12/89/മ.തു.വ.
3. 2-7-2009-ലെ സ.ഉ. (അച്ചടി) നമ്പർ 50/2009/പ.ജ.പ.വ.വി.വ.
4. 28-2-2011-ലെ സ.ഉ. (കൈ) നമ്പർ 21/11/മ.തു.വ.
5. 27-6-2011-ലെ സ.ഉ. (സാധാ) നമ്പർ 587/2011/പ.ജ.പ.വ.വി.വ.
6. 11-1-2012-ലെ സ.ഉ. (കൈ) നമ്പർ 6/2012/പ.ജ.പ.വ.വി.വ.
7. 11-2-2014-ലെ സ.ഉ. (സാധാ) നമ്പർ 123/2014/മ.തു.വ.
8. 28-2-2014-ലെ സ.ഉ. (സാധാ) നമ്പർ 187/14/മ.തു.വ.

## ഉത്തരവ്

പട്ടികജാതി വകുപ്പ് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്നതിന് പരാമർശം ഒന്ന് പ്രകാരം അനുമതി നൽകുകയുണ്ടായി. പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് കേരളത്തിന് അകത്തും പുറത്തും വിവിധ കോഴ്സുകളിൽ പഠിക്കുന്നതിനുള്ള വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഉത്തരവ് പരാമർശം മൂന്ന് പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ എല്ലാ

GCPT. 3/2556/2014/S-14.

ആനുകൂല്യങ്ങളും രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കളായ പഠിതാക്കൾക്കു കൂടി 2010-11 വിദ്യാഭ്യാസ വർഷം മുതൽ അനുവദിക്കാൻ പരാമർശം 4 പ്രകാരം അനുമതി നൽകി ഉത്തരവായി.

തുടർന്ന് പരാമർശം (5) പ്രകാരം സർക്കാർ നിയന്ത്രിത/അംഗീകൃത/എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി, പട്ടിക വർഗ്ഗ, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് മെരിറ്റ്/റിസർവേഷൻ/മാനേജ്മെന്റ് ക്വോട്ട മാനദണ്ഡങ്ങൾ പരിഗണിക്കാതെ തന്നെ നിലവിലുള്ള ആനുകൂല്യം തുടർന്നും അനുവദിച്ച് നൽകുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് അനുവാദം നൽകിയിരുന്നു.

ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി എന്നിവ പ്രീ മെട്രിക് പഠനം, പോസ്റ്റ് മെട്രിക് പഠനം എന്നിങ്ങനെ തരംതിരിച്ച് നിരക്ക് ക്രമീകരിച്ച് പരാമർശം (6) പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം (2) പ്രകാരം അംഗീകരിച്ച് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശം അനുസരിച്ച് പട്ടികജാതി വികസന വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ചട്ടങ്ങൾക്കും നിരക്കിനും നടപടിക്രമങ്ങൾക്കും വിധേയമായിട്ട് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കാൻ അനുശാസിച്ചിരുന്നു.

പരാമർശം (8) പ്രകാരം സർക്കാർ/സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ സ്ഥാപനം വക ഹോസ്റ്റലുകൾ അവകാശപ്പെടുന്ന നിരക്കിൽ മെസ്സ് ചാർജ്ജ്, ഹോസ്റ്റൽ ഫീസ് എന്നിവ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ച് ഉത്തരവായിരുന്നു.

പരാമർശം (7) പ്രകാരം കേരള കത്തോലിക് എൻജിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള വിവിധ എൻജിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ ലഭിച്ച മത്സ്യത്തൊഴിലാളി സമുദായത്തിലെ വിദ്യാർത്ഥികൾക്ക് 2012-13, 2013-14 എന്നീ അക്കാഡമിക് വർഷങ്ങളിൽ റീഫണ്ടബിൾ ഡെപ്പോസിറ്റ് ഒഴികെയുള്ള ട്യൂഷൻ ഫീസ് നൽകുന്നതിന് ഉത്തരവായിരുന്നു.

ഇത്തരത്തിൽ പട്ടിജാതി വകുപ്പ് കാലാകാലങ്ങളിൽ പുപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾക്ക് വിധേയമായിട്ടാണ് ഫിഷറീസ് വകുപ്പ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, മെസ്സ് ചാർജ്ജ് തുടങ്ങിയവ അനുവദിച്ചു വരുന്നത്. പലവിധ ഉത്തരവുകളെ അടിസ്ഥാനമാക്കി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതിനാൽ ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അർഹമായ ആനുകൂല്യങ്ങളെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുകയും തന്മൂലം മത്സ്യമേഖലയിലെ വിദ്യാർത്ഥികളിൽ നിന്നും വ്യാപകമായ തോതിൽ പരാതി ഉയർന്നുവരുന്നുണ്ട്.

ഈ സാഹചര്യത്തിൽ മേൽ പ്രതിപാദിച്ച സർക്കാർ ഉത്തരവുകളിലൂടെ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ ആനുകൂല്യങ്ങളെ ക്രോഡീകരിച്ച് ഒരു മാർഗ്ഗ നിർദ്ദേശം പുറപ്പെവിക്കുന്നത് ഉചിതമാണെന്ന് കരുതുകയും താഴെപ്പറയുന്ന പ്രകാരം വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.



പൊതു വ്യവസ്ഥകൾ

1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ "മത്സ്യത്തൊഴിലാളി" യായി രജിസ്റ്റർ ചെയ്തവരുടെ വിദ്യാർത്ഥികളായ മക്കൾക്കു വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ അർഹതയ്ക്കനുസരിച്ച് അനുവദിക്കുന്നതാണ്.

2. വിദ്യാഭ്യാസ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കേ മത്സ്യത്തൊഴിലാളി മരണപ്പെടുകയാണെങ്കിൽ പഠനം പൂർത്തിയാകുന്നതുവരെ ടിയാന്റ് മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം തുടർന്നും ലഭിക്കുന്നതാണ്.

3. 60 വയസ്സാകുന്നതിനുമുമ്പ് രോഗംമൂലമോ മറ്റു ശാരീരിക വൈകല്യം കൊണ്ടോ മത്സ്യബന്ധനത്തിൽ നിന്നും വിരമിക്കുകയാണെങ്കിൽ അത്തരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതാണ്. ആയതിന്റെ തെളിവിനായി ജില്ലാ ഫിഷറീസ് ആഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

4. മത്സ്യത്തൊഴിലാളി പെൻഷണർക്ക് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവൃത്തി അല്ലാതെയുള്ള തൊഴിലോ മറ്റു വരുമാന മാർഗ്ഗങ്ങളോ ഉണ്ടങ്കിൽ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതല്ല.

5. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളവർക്ക് ഫിഷറീസ് വകുപ്പിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യത്തിന് വിദ്യാഭ്യാസ സ്ഥാപന മേധാവി ശുപാർശ നൽകേണ്ടതില്ല. മറിച്ച് ശുപാർശ ചെയ്യുന്ന പക്ഷം ഇതുവഴി ഫിഷറീസ് വകുപ്പിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം അതിനുത്തരവാദിയായവരിൽ നിന്നും വസൂലാക്കുന്നതാണ്.

6. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപന മേധാവി ശുപാർശ ചെയ്യേണ്ടതാണ്. എന്നാൽ അൺഎയിഡഡ് സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ ബന്ധപ്പെട്ട AE/DEO-യുടെ ശുപാർശയോടുകൂടി സമർപ്പിക്കേണ്ടതാണ്.

7. സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെയും രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കളായ പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾ വിദ്യാഭ്യാസ സ്ഥാപനത്തോടനുബന്ധിച്ച ഹോസ്റ്റലിലോ അംഗീകൃത ഹോസ്റ്റലിലോ താമസിച്ചു പഠിക്കുന്ന പക്ഷം ഹോസ്റ്റൽ ഫീസിനും, മെസ്സ് അലവൻസിനും അർഹതയുണ്ടായിരിക്കും. മാനേജ്മെന്റ്/പ്രിവിലേജ്/

എൻ. ആർ. ഐ. ക്വാട്ടയിലൂടെയല്ലാതെ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നവർക്കും മേൽ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. വിദ്യാർത്ഥികൾ സ്ഥാപനമേധാവിയുടെ പക്കൽ വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുകയാണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം, ഹോസ്റ്റൽഫീസ്, മെസ് അലവൻസ് എന്നിവ വിദ്യാർത്ഥികളിൽ നിന്നും മുൻകൂറായി ഈടാക്കാൻ പാടുള്ളതല്ല. വിദ്യാഭ്യാസ സ്ഥാപന മേധാവി ഹോസ്റ്റൽ ഫീസിനത്തിലും മെസ്സ് അലവൻസ് ഇനത്തിലും നൽകുന്ന യഥാർത്ഥ ബിൽ തുക ടി സ്ഥാപനത്തിന് അനുവദിച്ച് നൽകേണ്ടതാണ്.

8. വിദ്യാഭ്യാസ സ്ഥാപനത്തോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലായെങ്കിൽ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിനു വിധേയമായി, അംഗീകാരമില്ലാത്ത സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500 രൂപ വീതം അനുവദിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തുക വർദ്ധിപ്പിക്കുന്നതനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും നിരക്ക് വർദ്ധിപ്പിക്കുന്നതാണ്.

9. സ്വാശ്രയ സ്ഥാപനങ്ങളിൽ മാനേജ്മെന്റ്/പ്രിവിലേജ്/എൻ. ആർ. ഐ. ക്വോട്ടകളിൽ പ്രവേശനം ലഭിച്ചവർക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതല്ല.

10. M.B.B.S, B.V.Sc., Engineering, B. A. M. S. എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ/എയിഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച മത്സ്യതൊഴിലാളി വിദ്യാർത്ഥികൾ തോറ്റു പഠിക്കേണ്ടി വരുമ്പോൾ ഒരേ ക്ലാസ്സിൽ മൂന്ന് പ്രാവശ്യം റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സം ഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നതാണ്. ജനറൽ കോഴ്സുകൾക്ക് മൂന്ന് പ്രാവശ്യം പരീക്ഷാ ഫീസ് മാത്രം നൽകുന്നതാണ്. സ്വാശ്രയമേഖലയിലെ എം. ബി. ബി. എസ്. കോഴ്സുകൾക്ക് മൂന്ന് പ്രാവശ്യം തോറ്റു പഠിക്കുന്നതിന് 50 ശതമാനം നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സം ഗ്രാന്റ് ഒഴികെ മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

11. കോഴ്സുകളുടെ ഫീസ് സംബന്ധിച്ച് ആരോഗ്യകുടുംബക്ഷേമ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, ടൂറിസം വകുപ്പ് എന്നീ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം കോഴ്സുകൾക്ക് പ്രസ്തുത ഉത്തരവിലെ ഫീസ് അനുവദിക്കുന്നതാണ്. മറ്റു കോഴ്സുകൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉത്തരവുകൾ ബാധകമായിരിക്കും.

12. സ്പോർട്സ് ക്വോട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്.

13. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രോജക്ട് അലവൻസും ഇന്റേൺഷിപ്പും അനുവദിക്കുന്നതാണ്.



14. ഒരു വർഷത്തിൽ/ഒരു സെമസ്റ്ററിൽ/ഒരു ടേമിൽ 75 ശതമാനം ഹാജർ ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ തുടർന്നുള്ള കാലയളവിലെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കാൻ പാടുള്ളു.

15. വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷ ഫാറം വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മത്സ്യഭവൻ ഓഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

16. കോഷൻ ഡെപ്പോസിറ്റ്, പി. റ്റി. എ. ഫണ്ട് മുതലായവ അനുവദിക്കേണ്ടതില്ല.

17. അഡ്മിഷൻ സമയത്ത് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾ മത്സ്യത്തൊഴിലാളി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നപക്ഷം ട്യൂഷൻ ഫീസ് വിദ്യാഭ്യാസ സ്ഥാപന മേധാവി വാങ്ങാൻ പാടുള്ളതല്ല. ടി ഫീസ് സ്ഥാപന മേധാവി ശുപാർശ ചെയ്യുന്ന മുറയ്ക്ക് ഫിഷറീസ് വകുപ്പിൽ നിന്ന് അനുവദിച്ച് നൽകുന്നതാണ്. പഠന കാലയളവ് പൂർത്തിയാക്കുന്നതുവരെ ട്യൂഷൻ ഫീസുകൾ, സ്പെഷ്യൽ ഫീസുകൾ, പരീക്ഷാ ഫീസുകൾ ഉൾപ്പെടെയുള്ളവ വിദ്യാർത്ഥിയിൽ നിന്നും വിദ്യഭ്യാസ സ്ഥാപനങ്ങൾ വാങ്ങാൻ പാടുള്ളതല്ല.

18. അനുബന്ധത്തിൽ പറയുന്ന കോഴ്സുകൾക്ക് സർക്കാരിന്റേയോ, സർക്കാർ ഏജൻസികളുടേയോ അംഗീകാരമുണ്ടോ എന്ന് പരിശോധിച്ചുശേഷം മെറിറ്റ് ക്വാട്ടയിലും, റിസർവേഷൻ ക്വാട്ടയിലും അഡ്മിഷൻ ലഭിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിക്കുന്ന ഫീസാനുകൂല്യത്തിനുപുറമെ പരാമർശം (6) സർക്കാർ ഉത്തരവു പ്രകാരമുള്ള മറ്റു ആനുകൂല്യങ്ങളും അനുവദിക്കുന്നതാണ്.

19. യൂണിഫോം ചാർജ്ജ്, സ്റ്റഡി ടൂർ, പ്രോജക്ട് അലവൻസ്, തീസിസ് ഗ്രാന്റ്, ടി. എ., ഡി. എ. മത്സര പരീക്ഷകൾക്കുള്ള പ്രത്യേക ധനസഹായം, രക്ഷകർത്താക്കൾക്കുള്ള പ്രോത്സാഹനം, ബുക്ക് അലവൻസ് തുടങ്ങിയവക്കായി കാലാകാലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണ്.

20. മറ്റു വിധത്തിലുള്ള സ്കോളർഷിപ്പിനോ മറ്റു വിദ്യാഭ്യാസാനുകൂല്യങ്ങൾക്കോ അർഹതയുള്ളവർക്ക് ഈ ഉത്തരവ് പ്രകാരമുള്ള തത്തുല്യ ആനുകൂല്യങ്ങൾ അനുവദിക്കാൻ പാടുള്ളതല്ല.

വിദ്യാഭ്യാസ ആനുകൂല്യങ്ങളെ സംസ്ഥാനത്തിനകത്തുള്ള പഠനം, സംസ്ഥാനത്തിന് പുറത്തുള്ള പഠനം എന്നിങ്ങനെ തരംതിരിച്ച് വിശദമായി ചുവടെ ചേർത്തിരിക്കുന്നു:

വിഭാഗം I—സംസ്ഥാനത്തിനകത്തുള്ള പഠനം

A. *പ്രീ-മെട്രിക് വിദ്യാഭ്യാസം*

(a) (i) 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ (സർക്കാർ/എയിഡഡ് സ്കൂളുകളിൽ).

(ii) ജി. വി. രാജ സ്പോർട്ട്സ് സ്കൂൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, സൈനിക സ്കൂൾ ഇവയിൽ 10-ാം ക്ലാസ്സ് വരെയുള്ള പഠനം.

(iii) അംഗീകൃത അൺഎയിഡഡ് സ്കൂളിൽ ട്യൂഷൻ ഫീസ് റീ-ഇംപേഴ്സ്മെന്റ് പദ്ധതി (സർക്കാർ അംഗീകരിച്ച ലംപ്സം ഗ്രാന്റും ട്യൂഷൻ ഫീസും സ്പെഷ്യൽ ഫീസും മാത്രം നൽകുന്നതാണ്).

(vi) സാക്ഷരതാ മിഷൻ 10-ാം തരം തുല്യതാപഠനം (ഫീസാനുകൂല്യം മാത്രം നൽകുന്നതാണ്).

(b) (i) ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യുക്കേഷനു കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ (പത്താം ക്ലാസ്സ് വരെ).

(ii) ഐ. എച്ച്. ആർ. ഡി.ക്കു കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ (പത്താം ക്ലാസ്സ് വരെ).

(iii) ഐ. റ്റി. ഐ., ഐ. റ്റി. സി. നോൺ മെട്രിക് ട്രേഡുകൾ (സർക്കാരിന്റേയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടേയും അംഗീകാരം ഉള്ളവ).

(iv) എഞ്ചിനീയറിംഗ് ആന്റ് നോൺ എഞ്ചിനീയറിംഗ് വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ—നോൺ മെട്രിക് ട്രേഡുകൾ [Kerala Government Certificate in Engineering (KGCE)] (സർക്കാരിന്റേയും പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പുകളുടേയും അംഗീകാരം ഉളവ്).

(c) IHRD, ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, ഡയറക്ടർ ഓഫ് ട്രെയിനിംഗ് തുടങ്ങിയവയുടെ കീഴിലുള്ള സ്കൂളുകൾ സർക്കാർ അംഗീകാരവും പട്ടികജാതി/പട്ടിവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരവും ഉള്ള വൊക്കേഷണൽ എഞ്ചിനീയറിംഗ്, നോൺ എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ.



B. *പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം*

(i) +1,+2, വൊക്കേഷണൽ ഹയർ സെക്കന്ററി, കേന്ദ്രീയ വിദ്യാലയങ്ങൾ, സൈനിക സ്കൂളുകൾ, ടെക്നിക്കൽ സ്കൂളുകൾ, ജി. വി. രാജാ സ്കൂൾ, പോളിടെക്നിക്കുകൾ, IHRD സ്കൂളുകൾ

(ii) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച വിവിധ ഡിപ്ലോമ, ഡിഗ്രി, പി. ജി. കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ (അനുബന്ധത്തിലെ പട്ടിക പ്രകാരം).

ഒരു പോസ്റ്റ് മെട്രിക് കോഴ്സിന് പുറമേ മറ്റു രണ്ടു കോഴ്സുകൾക്കു കൂടി എല്ലാ വിധ ആനുകൂല്യങ്ങളും വാങ്ങി പഠിക്കാവുന്നതാണ്. ഇതിനുമുമ്പുള്ള കോഴ്സ് പൂർത്തിയാക്കണമെന്നില്ല.

(iii) വിവിധ പ്രൊഫഷണൽ കോഴ്സുകൾ (അനുബന്ധത്തിലെ പട്ടിക പ്രകാരം).

(iv) പോളിടെക്നിക് കോഴ്സുകൾ, ഐ. റ്റി. ഐ., ഐ. റ്റി. സി. മെട്രിക് ട്രേഡുകൾ (സർക്കാരിന്റേയും പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും അംഗീകാരമുള്ളവ).

(v) സർക്കാർ നിയന്ത്രിത കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിലെ കോഴ്സുകൾ (മറ്റു സഹകരണ യൂണിയൻ സ്ഥാപനങ്ങളെ പരിഗണിക്കില്ല.)

(vi) കേന്ദ്ര-സംസ്ഥാന സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സംസ്ഥാന കേന്ദ്ര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളായ എൽ. ബി. എസ്. സെന്റർ, ഐ. എച്ച്. ആർ. ഡി., സി-ഡിറ്റ്, C-DAC, ER &DC തുടങ്ങിയ സ്ഥാപനങ്ങളിലെ കോഴ്സുകൾ (സർക്കാരുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളവ മാത്രം. ഫ്രാഞ്ചൈസികളെ ഉപയോഗിച്ചുള്ളവയ്ക്ക് അർഹതയില്ല.)

(vii) യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, (എയിഡഡ്) എന്നിവയിലെ അൺ എയിഡഡ് കോഴ്സുകൾക്ക് സർക്കാർ/യൂണിവേഴ്സിറ്റി നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നതാണ്. അൺ എയിഡഡ് സ്ഥാപനങ്ങളിലെ അൺ എയ്ഡഡ് കോഴ്സുകൾക്ക് യാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കുകയില്ല.

(viii) എംഫിൽ, പി. എച്ച്.ഡി., എം. ടെക്, എം. ലിറ്റ് തുടങ്ങിയ കോഴ്സുകളിൽ യു.ജി. സി/ഗേറ്റ് പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് കാലകാലങ്ങളിൽ യു. ജി. സി. അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ലഭിക്കുന്നതാണ്.

(ix) സംസ്ഥാന യൂണിവേഴ്സിറ്റികളുടേയും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടേയും (IGNOU) ഓഫ് ക്യാമ്പസ് കോഴ്സുകൾക്ക് അംഗീകൃത ഫീസാനുകൂല്യം മാത്രം നൽകുന്നതാണ്. ഇതിനായി അപേക്ഷയോടൊപ്പം ഫീസ് അടച്ച രസീതിന്റെ പകർപ്പും നൽകേണ്ടതാണ്.

(x) ഈവനിംഗ് കോഴ്സുകൾ/പാർട്ടൈം കോഴ്സുകൾക്ക് അംഗീകൃത ഫീസാനുകൂല്യം മാത്രം നൽകുന്നതാണ്.

(xi) വിദൂര വിദ്യാഭ്യാസ കോഴ്സുകൾ (അംഗീകൃത ഫീസാനുകൂല്യം മാത്രം നൽകുന്നതാണ്).

മേൽപ്പറഞ്ഞവയിൽ പ്രീ-മെട്രിക് തലത്തിൽ A (a) (i) മുതൽ (a) (ii) വരേയും (b) (i) മുതൽ (iv) വരെയും (c)-ലും പോസ്റ്റ് മെട്രിക് തലത്തിൽ B (i) മുതൽ (vii) വരേയും സൂചിപ്പിച്ചിട്ടുള്ളവയ്ക്ക് പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും ട്യൂഷൻഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും നൽകേണ്ടതാണ്. B (ix), (x), (xi) എന്നിവയിൽ യൂണിവേഴ്സിറ്റിക്ക്/ബോർഡിന് നൽകേണ്ട യഥാർത്ഥ ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ മാത്രം അനുവദിക്കേണ്ടതാണ്.

പോസ്റ്റ് മെട്രിക് തലത്തിൽ മെറിറ്റ് ക്വാട്ടയിലും റിസർവേഷൻ ക്വാട്ടയിലും മാത്രം പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകുകയുള്ളൂ.

എന്നാൽ, സർക്കാർ നിയന്ത്രിത/അംഗീകൃത/എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെറിറ്റ്/റിസർവേഷൻ/മാനേജ്മെന്റ് ക്വാട്ട മാനദണ്ഡങ്ങൾ പാലിക്കാതെ തന്നെ നിലവിലുള്ള ആനുകൂല്യം അനുവദിച്ച് നൽകേണ്ടതാണ്.

റെയിൽവേ, FACT തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക്, ഫീസ് സ്ഥാപനത്തിന്റെ നിരക്കിലും മറ്റ് ആനുകൂല്യങ്ങൾ പരാമർശം (6)-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുന്നതാണ്.

### C. *സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ കോഴ്സുകൾ*

(i) ഗവൺമെന്റ് അംഗീകൃതമായ സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രീ-മെട്രിക് പഠനത്തിന് കാലാകാലങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നിശ്ചയിക്കുന്ന ഫീസ് നൽകുന്നതാണ്. CBSE, ICSE, State Syllabus എന്നിവയ്ക്ക് മേൽനിർദ്ദേശം ബാധകമാണ്. മേൽപ്പറഞ്ഞ പ്രകാരം പ്രവേശനം ലഭിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് പരാമർശം (6)-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും സർക്കാർ അംഗീകരിക്കുന്നതുമായ ഫീസും അനുവദിക്കുന്നതാണ്.



(ii) എന്നാൽ മേൽപ്പറഞ്ഞ സിലബസ് പ്രകാരം അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ ഹയർ സെക്കന്ററി (+1, +2) വിദ്യാഭ്യാസത്തിന് ആനുകൂല്യം ലഭിക്കുന്നതല്ല.

(iii) സ്വകാര്യ അൺ എയിഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നതല്ല.

### D. *സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ*

(i) ഈ ഉത്തരവിന്റെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും ഡി. എം. ഇ., ഡി. എച്ച്. എസ്. നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്കും ജനറൽ നഴ്സിംഗിനും മെറിറ്റ് ക്വാട്ടയിലും, റിസർവേഷൻ ക്വാട്ടയിലും പ്രവേശനം നേടുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസുകൾ പരാമർശം (6)-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ അർഹതയ്ക്ക് അനുസരിച്ച് നൽകേണ്ടതാണ്. എന്നാൽ സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ജനറൽ നഴ്സിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ മാത്രമേ ഫീസുകൾ നൽകുകയുള്ളൂ.

(ii) CAT, MAT, JEE, JMET, XAT, ATMA തുടങ്ങിയ അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴി സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ/യൂണിവേഴ്സിറ്റി അംഗീകരിച്ച ഫീസും പരാമർശം (6)-ലെ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

(iii) മാനേജ്മെന്റ്/പ്രിവിലേജ്/എൻ. ആർ. ഐ. ക്വാട്ടയിൽ പ്രവേശനം നേടിയവർക്ക് യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടാവില്ല.

### E. *ഡീംഡ് യൂണിവേഴ്സിറ്റികൾ*

കേന്ദ്ര സർക്കാരിന്റേയോ, സംസ്ഥാന സർക്കാരിന്റേയോ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഡീംഡ് യൂണിവേഴ്സിറ്റികളിൽ മെറിറ്റ് ക്വാട്ടയിലും റിസർവേഷൻ ക്വാട്ടയിലും പ്രവേശനം നേടുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ഫീസ് ഉൾപ്പെടെയുള്ള അനുകൂല്യം അനുവദിക്കുന്നതാണ്. എന്നാൽ സ്വകാര്യ ഡീംഡ് യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടുന്നവർക്ക് അനുകൂല്യത്തിന് അർഹതയില്ല.

F. *പാരലൽ കോളേജ് വിദ്യാഭ്യാസം*

+1 കോഴ്സിന് പ്രവേശിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് വിദ്യാഭ്യാസത്തിന് ആനുകൂല്യം ലഭിക്കുന്നതിന് ജില്ലകളിലെ ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പ്രവേശനം ലഭിച്ചിട്ടില്ലായെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പാരലൽ ആയി പ്രൈവറ്റ് കേന്ദ്രങ്ങളിൽ പഠിക്കേണ്ടിവരികയാണെങ്കിൽ യൂണിവേഴ്സിറ്റി/ബോർഡ് നിശ്ചയിച്ച പരീക്ഷാഫീസിന് പുറമേ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ട്യൂഷൻ ഫീസും അനുവദിക്കുന്നതാണ്. ഇതോടൊപ്പം പരാമർശം (6)-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതാണ്.

അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റികളിൽ ഫീസ് അടച്ച രസീതിന്റെ പകർപ്പും പാരലൽ കോളേജിൽ ട്യൂഷൻ ഫീസ് അടച്ച രസീതിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.

പാരലൽ കോളേജിന് തത്തുല്യമായ യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്ന ലേണേഴ്സ് സപ്പോർട്ട് സെന്ററുകളിൽ വിദ്യാർത്ഥികൾക്കും പാരലൽ കോളേജിന് തുല്യമായ രീതിയിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.

വിഭാഗം II—സംസ്ഥാനത്തിന് പുറത്തുള്ള പഠനം

A. *രാജ്യത്തിനകത്തുള്ള പഠനം*

(i) കേരളത്തിൽ നിലവിലില്ലാത്ത ഒരു കോഴ്സിന് അന്യസംസ്ഥാനത്ത് പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതാണ്.

(ii) അന്യസംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്നുകിടക്കുന്ന അയൽ ജില്ലകളിലെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സ് കേരളത്തിൽ നിലവിലുണ്ടെങ്കിലും എല്ലാവിധ ഫീസ് അനുകൂല്യങ്ങൾക്കും പരാമർശം (6) സർക്കാർ ഉത്തരവ് പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.

(iii) കേന്ദ്ര സർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയോ CAT, MAT, JEE, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷ വഴിയോ അലോട്ട്മെന്റ് ലഭിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ട്.

(iv) കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഡീംഡ് യൂണിവേഴ്സിറ്റികൾ, കേന്ദ്ര യൂണിവേഴ്സിറ്റികളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ കോളേജുകൾ എന്നിവയിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് സ്ഥാപനം നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ്.



(v) പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ, പ്രൈവറ്റ് ഡീംഡ് യൂണിവേഴ്സിറ്റികൾ, സ്വയംഭരണസ്ഥാപനങ്ങൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷകൾ വഴി വിവിധ കോഴ്സുകൾക്ക് പ്രവേശനം നേടുന്നവർക്ക് ആനുകൂല്യം ലഭിക്കുന്നതല്ല.

B. *വിദേശ പഠനം*

വിദേശ പഠനത്തിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കണമെന്ന ആവശ്യം ഓരോ അപേക്ഷയുടേയും മെറിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ആർ. ജ്യോതിലാൽ,
*സെക്രട്ടറി.*

To

ഫിഷറീസ് ഡയറക്ടർ തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.
രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം.
രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം.
രജിസ്ട്രാർ, സയൻസ് ആന്റ് ടെക്നോളജി കൊച്ചിൻ സർവ്വകലാശാല, കൊച്ചി.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സർവ്വകലാശാല, എറണാകുളം.
രജിസ്ട്രാർ, കോഴിക്കോട് സർവ്വകലാശാല, മലപ്പുറം.
രജിസ്ട്രാർ, കണ്ണൂർ സർവ്വകലാശാല.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ.
പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കോളീജിയറ്റ് വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം, തിരുവനന്തപുരം.

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഐരാണിമുട്ടം, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, പി. റ്റി. പി. നഗർ, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം-33.

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ട് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഉന്നതവിദ്യാഭ്യാസ വകുപ്പ്.

ആരോഗ്യം ആന്റ് കുടുംബക്ഷേമ വകുപ്പ്.

കൃഷിവകുപ്പ്.

പൊതുവിദ്യാഭ്യാസ വകുപ്പ്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.

പൊതുഭരണ (എസ്. സി.) വകുപ്പ്.

ധനകാര്യവകുപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ-II, വെബ് ആന്റ് ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:—

ഫിഷറീസ് വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഫിഷറീസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ.

ഫിഷറീസ് വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി. എ.



## അനുബന്ധം

### പ്രൊഫഷണൽ ആന്റ് ജോബ് ഓറിയന്റഡ് കോഴ്സുകളുടെ പട്ടിക

1. എഞ്ചിനീയറിംഗ്/അനുബന്ധ കോഴ്സുകൾ
2. എം. ബി. ബി. എസ്.
3. ബി. ഡി. എസ്.
4. ബി. എ. എം. എസ്.
5. ബി. എച്ച്. എം. എസ്.
6. ബി. എസ്. എം. എസ്.
7. ബി. ഫാം/ഡി. ഫാം. (എല്ലാ വിഭാഗത്തിലും)
8. എല്ലാ മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ
9. എല്ലാ പാരാമെഡിക്കൽ കോഴ്സുകൾ
10. ബി. എസ്. സി. നഴ്സിംഗ് (എല്ലാ വിഭാഗത്തിലും)
11. ബി. എസ്. സി. (അഗ്രി.) ആന്റ് എം. എസ്. സി. (അഗ്രി.).
12. ബി. വി. എസ്. സി. ആന്റ് എം. വി. എസ്. സി.
13. ബി. എഫ്. എസ്. സി. ആന്റ് എം. എഫ്. എസ്. സി.
14. പാരാ വെറ്ററിനറി കോഴ്സസ്
15. പാരാ അഗ്രി കോഴ്സസ്
16. പാരാ ഫിഷറീസ് കോഴ്സസ്
17. ഡയറി കോഴ്സസ്
18. എഞ്ചിനീയറിംഗ് പി. ജി. കോഴ്സസ്
19. കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സസ്
20. ബി. എഡ്. ആന്റ് എം. എഡ്.
21. ബി. പി. എഡ്. ആന്റ് എം. പി. എഡ്.
22. റ്റി. റ്റി. സി. ആന്റ് പി. പി. റ്റി. റ്റി. സി.

23. എം. സി. എ., ബി. ബി. എ., ബി. സി. എ.
24. എം. ബി. എ.
25. എം. എസ്. ഡബ്ല്യൂ.
26. എൽ. എൽ. ബി., എൽ. എൽ. എം. ആന്റ് ബി. ജി. എൽ.
27. ജനറൽ നഴ്സിംഗ് കോഴ്സസ്.
28. ബി. റ്റി. എ. ആന്റ് എം. റ്റി. എ.
29. ബി. എൽ. ഐ. എസ്., എം. എൽ. ഐ. എസ്., സി. എൽ. ഐ. എസ് ആന്റ് ഡി. എൽ. ഐ. എസ്.
30. ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ.
31. എൻ. ഐ. എഫ്. റ്റി. കോഴ്സുകൾ.
32. എം. എഫ്. എ./ബി. എഫ്. എ. (ഫൈൻ ആർട്സ്).
33. ഹൗസ് സർജൻസി
34. കമ്പനി സെക്രട്ടറിഷിപ്പ്
35. പൈലറ്റ് ആന്റ് എയർ ഹോസ്റ്റസ് പരിശീലനം
36. ചാർട്ടേഡ് അക്കൗണ്ടൻസി/ഐ. സി. ഡബ്ല്യൂ. എ.
37. [illegible]കൾ
38. ലാറ്ററൽ എൻട്രി സ്കീം പ്രകാരമുള്ള കോഴ്സുകൾ
39. ഗവൺമെന്റ് അംഗീകരിച്ച മറ്റ് സ്പെഷ്യൽ കോഴ്സുകളും ഇനി അംഗീകരിക്കാവുന്ന കോഴ്സുകളും.